## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1497 — 31.10.2019-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതിതള്ളുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.അബ്ദുറബ്ബ് : | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് മരിക്കുകയോ കടലിൽ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതിതള്ളുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) & ബി) | ഓഖിയിൽ മരിച്ചതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതിത്തള്ളുന്നതു സംബന്ധിച്ച് സ.ഉ. (കൈ) നം. 30/2019/DMD തീയതി 09/10/2019 പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവു പ്രകാരം ബാങ്കുമായി ചേർന്നുള്ള തുടർനടപടികൾ സ്വീകരിക്കുന്നത് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പാണ്. ഇത് സംബന്ധിച്ച് ജില്ലാതല മേൽ നോട്ടം അതാത് ജില്ലയിലെ ദുരന്തനിവാരണ വകുപ്പിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർ/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനാണ്. ഓഖിയിൽ മരിച്ചതും കാണാതായതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളോട് ബാങ്കുമായും ജില്ലാ ഭരണ കൂടവുമായി ബന്ധപ്പെടുന്നതിന് അറിയിപ്പ് നൽകുവാൻ ബന്ധപ്പെട്ട ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി ക്രമങ്ങൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ